(ഡി) 1997-98 വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പശ്ചാത്തല മേഖലയിലെ എത്ര വർക്കുകൾ 31.3.99-ൽ പൂർത്തീകരിച്ചിട്ടുണ്ട്;

(ഇ) പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന കാലാവധി കഴിഞ്ഞ ഒരു വർഷത്തിനുശേഷവും ഈ വർക്കുകൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ വർക്കുകളുടെ ഉത്തരവാദിത്വം ഏറ്റെടുത്തു നടത്തേണ്ട പഞ്ചായത്ത് എ.ഇ.യുടെ ഭാഗത്ത് വീഴ്ചകൾ വന്നിട്ടുണ്ടെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എ.ഇ.യുടെ പ്രവർത്തനത്തിൽ അസംതൃപ്തി രേഖപ്പെടുത്തികൊണ്ടും ജനകീയാസൂത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി പുതിയ എ.ഇ.യെ നിയമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് സമിതിയുടെ പ്രമേയം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഐ) പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ പശ്ചാത്തല മേഖലയിലെ വർക്കുകൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20,18,300/-രൂപ

(ബി) 20,18,300 /-രൂപ 100%

(സി) 34,33,730 /- രൂപ വകകൊള്ളിച്ചതിൽ 28,83,669/- രൂപ ചെലവഴിച്ചു. ഇത് 84% വരും.

(ഡി) 22 എണ്ണത്തിൽ 14 എണ്ണം പൂർത്തീകരിച്ചു.

(ഇ) പഞ്ചായത്തിലെ തനതു ഫണ്ടിന്റെ ലഭ്യത കുറവായതിനാൽ.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്.

(എച്ച്) എ.ഇ.യെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ഐ) പഞ്ചായത്താണ് നടപടി സ്വീകരിക്കേണ്ടത്.

115 (1341) പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിനെപ്പറ്റി പഠിക്കാൻ ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഏതെല്ലാം കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളുമാണ് രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത് സംബന്ധിച്ച് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കൊല്ലം, തൃശ്ശൂർ നഗരസഭകൾക്ക് കോർപ്പറേഷൻ പദവി നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈകൊണ്ടിട്ടുണ്ട്.

(ഡി) അതതു പ്രദേശത്തെ നഗരവൽക്കരണം, ജനസംഖ്യ, ജന സാന്ദ്രത, തദ്ദേശ ഭരണ നടത്തിപ്പിന് ലഭിക്കാവുന്ന വരുമാനം, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ തോത്, സാമ്പത്തികപ്രാധാന്യം തുടങ്ങിയവയാണ് ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം.

116 (1342) മുനിസിപ്പാലിറ്റികളിൽ വകമാറ്റി ചെലവഴിക്കപ്പെട്ട തുക

ശ്രീ. ഇസ്മയിൽ കുരിക്കൾ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നീ മുനിസിപ്പാലിറ്റികളിൽ 1997-98, 1998-99 വർഷത്തിൽ പദ്ധതികൾക്ക് നീക്കിവച്ചിരുന്ന തുക വകമാറ്റി ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക് ആണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

117 (1343) ആലപ്പുഴ നഗരസഭയ്ക്ക് അനുവദിച്ച തുക

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ജനകീയാസൂത്രണപദ്ധതിയിൽ ആലപ്പുഴ നഗര സഭ എത്ര രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇതിൻപ്രകാരം എന്തു തുക നഗരസഭയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പുഴ നഗരത്തിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ യു.ഡി.എഫ്. കൗൺസിലർമാരുടെ വാർഡുകളോട് വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ അവഗണന കാണിക്കുന്നതായുള്ള നഗരസഭയിലെ യു.ഡി.എഫ്. പാർലമെന്ററി പാർട്ടിയുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly